(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവിലെ പേരുകാരനെ കണ്ടെത്തുവാനോ ടിയാനെ കണ്ടെത്താൻ ഉപകാരപ്രദമായ വിവരങ്ങൾ ലഭിക്കാതെ വരുകയോ ചെയ്താൽ മാത്രമേ ആളില്ലായെന്ന് രേഖപ്പെടുത്തി സമൻസ് തിരിച്ചയയ്ക്കാറുള്ളൂ.

(ഇ) സമൻസ് ബന്ധപ്പെട്ട വ്യക്തിക്ക് യഥാസമയം നൽകുന്നുണ്ട്. ഇക്കാര്യത്തിൽ വീഴ്ചവരുത്താറില്ല. വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസ് വകുപ്പിന്റെ ആഫീസുകളിലെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള സംവിധാനം

36 (2141) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിലെ ആഫീസുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) പോലീസ് വകുപ്പിന്റെ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഏതെല്ലാം ആഫീസുകളാണ് വൈദ്യുതി ബോർഡിന്റെ വെള്ളയമ്പലം മേജർ സബ്ഡിവിഷൻ ആഫീസിൽ വൈദ്യുതിചാർജ് അടക്കേണ്ടത് ;

(സി) പ്രസ്തുത ആഫീസുകളിൽ നിന്നും വൈദ്യുതി ചാർജ് കുടിശ്ശികയായി എത്ര രൂപ അടയ്ക്കാനുണ്ടെന്ന് ആഫീസടിസ്ഥാനത്തിൽ അറിയിക്കാമോ ;

(ഡി) 2003 ജനുവരി മാസം മുതൽ സർക്കാർ വകുപ്പുകൾ വൈദ്യുതി ചാർജ് അതതുമാസം നേരിട്ടടയ്ക്കണമെന്നും അടയ്ക്കാത്ത ആഫീസുകളുടെ വൈദ്യുതി കണക്ഷൻ വിഛേദിക്കണമെന്നുള്ള പുതിയ സർക്കാർ ഉത്തരവ് പോലീസ് വകുപ്പിനും ബാധകമാക്കുമോ ;

(ഇ) വൈദ്യുതി ചാർജ് കുടിശ്ശിക തീർക്കാതെ പോലീസ് വകുപ്പ് ഒഴിഞ്ഞുകൊടുത്ത വാടകകെട്ടിടത്തിന്റെ വൈദ്യുതി കണക്ഷൻ വെള്ളയമ്പലം മേജർ സബ്ഡിവിഷൻ ആഫീസ് വിഛേദിച്ചതിനാൽ പ്രസ്തുത കെട്ടിട ഉടമയ്ക്ക് വൈദ്യുതി ഉപയോഗിക്കാൻ സാധിക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (ആർ.ടി.) 5026/97/ആഭ്യ. തീയതി 14-1-1997 പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ വൈദ്യുതി ബോർഡിന് പോലീസ് വകുപ്പിൽ നിന്നും നൽകേണ്ട തുക വൈദ്യുതി ബോർഡിന്റെ പ്രധാനപ്പെട്ട ആഫീസുകൾക്ക് പോലീസ് സംരക്ഷണം നൽകുന്നതിന്റെ ബിൽ ഓഫ് കോസ്റ്റിൽ ക്രമപ്പെടുത്തുന്നതിന് ഉത്തരവാകുകയും തുടർ ഉത്തരവ് 1447/00/ ആഭ്യന്തരം തീയതി 6-4-2000 പ്രകാരം 31-4-2000 വരെ നിലവിലുള്ള രീതി

LIBRARY ARCHIVES Kerala Legislative Assembly

തുടരുന്നതിന് പുനർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നതുമാണ്. സർക്കാർ ഉത്തരവ് (എം.എസ്.) 30/02/പി.ഡി. തീയതി 21-10-2002 പ്രകാരം വൈദ്യുതി ചാർജ് അതാത് വകുപ്പുകൾ നേരിട്ട് അടയ്ക്കുന്നതിന് ഉത്തവായിട്ടുണ്ട്. ആയതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി&സി) 1. തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജി.യുടെ കാര്യാലയം 1,44,739 രൂപ

2. തിരുവനന്തപുരം യൂണിറ്റ് ക്രൈംബ്രാഞ്ച് ആഫീസ് 56,348 രൂപ

(ഡി) ബാധകമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

രാഷ്ട്രീയ സംഘട്ടനങ്ങൾ

37 (2143) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ രാഷ്ട്രീയ സംഘട്ടനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഈ സംഘട്ടനങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടു എന്നത് ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2316 രാഷ്ട്രീയ സംഘട്ടനങ്ങൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 27 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബേവിഞ്ചയിൽ അബ്ദുൾ റഹിമാന്റെ കൊലപാതകം

38 (2447) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേവിഞ്ചയിൽ അബ്ദുൾ റഹിമാന്റെ കൊലപാതകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly